**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2137** **09-12-2022 - ൽ മറുപടിയ്ക്ക്**

**സേഫ് കേരള എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2022 ജനുവരി ഒന്നു മുതൽ ഒക്ടോബർ 31 വരെ സംസ്ഥാനത്ത് നടന്ന വാഹനാപകടങ്ങൾ എത്രയാണെന്നും പ്രസ്തുത അപകടങ്ങളിൽ ആകെ എത്ര പേരാണ് മരണപ്പെട്ടതെന്നും എത്ര പേർക്കാണ് പരിക്കേറ്റതെന്നും അറിയിക്കുമോ; | (എ) | 2022 ജനുവരി ഒന്ന് മുതൽ ഒക്ടോബർ 31 വരെ 36043 അപകടങ്ങൾ റിപ്പോർട്ട് ചെയ്തതിൽ 3497 പേർ മരണപ്പെട്ടുകയും 39736 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ടി അപകടങ്ങളുടെ മാസം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത വാഹനാപകടങ്ങളിൽ രാത്രി 9 മണിക്ക് ശേഷം നടന്ന അപകടങ്ങളുടെയും മരണങ്ങളുടെയും വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (ബി) | രാത്രി 9 മണിക്ക് ശേഷം നടന്ന അപകടങ്ങളുടേയും, മരണങ്ങളുടേയും മാത്രമായിട്ടുള്ള വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (സി) | വടക്കഞ്ചേരി ബസ് അപകടത്തിന്റെ പശ്ചാത്തലത്തിൽ റോഡ് അപകടങ്ങൾ ഒഴിവാക്കാൻ മോട്ടോർവാഹന വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും തന്മൂലം അപകടങ്ങൾ കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്നും വിശദമാക്കുമോ; | (സി) | ടൂറിസ്റ്റ് ബസുകളുടെ അനധികൃത രൂപമാറ്റം റോഡപകടങ്ങൾക്ക് (പ്രധാനമായും രാത്രികാലങ്ങളിൽ) കാരണമാകുന്നുവെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ഇത്തരം അനധികൃത രൂപമാറ്റം വരുത്തിയിട്ടുള്ള കോൺട്രാക്ട് കാര്യേജുകൾ/സ്റ്റേജ് കാര്യേജുകൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. കോൺട്രാക്ട് കാര്യേജുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ക്യാൻസൽ ചെയ്യുകയും ഡ്രൈവറുടെ ലൈസൻസ് താൽക്കാലികമായി റദ്ദു ചെയ്യുകയും ചെയ്തുവരുന്നു. കോൺട്രാക്ട് കാര്യേജുകളുടെ നിയമലംഘനം കണ്ടെത്തുന്നതിനായി 07/10/2022 മുതൽ 30/10/2022 വരെ ഓപ്പറേഷൻ ഫോക്കസ് 3 എന്ന പേരിൽ ഒരു സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത ഡ്രൈവിൽ 13587 വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും 46,08,930/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. 682 വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് റദ്ദു ചെയ്യുകയും 287 ഡ്രൈവിംഗ് ലൈസൻസുകൾ സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തു നിലവിലുള്ള കോൺട്രാക്ട് കാരേജുകൾ, സ്വകാര്യ സ്റ്റേജ് കാരേജുകൾ എന്നിവകളിൽ വ്യാപകമായ നിയമലംഘനങ്ങളും അതുവഴി റോഡപകടങ്ങളും വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പ്രസ്തുത വാഹനങ്ങൾ പരിശോധിക്കുന്നതിന് ഒരു പുതിയ ത്രിതല സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ആയതിലേയ്ക്കായി ഓരോ ജില്ലയിലും ആകെ നിലവിലുള്ള കോൺട്രാക്ട് കാരേജുകളുടേയും സ്റ്റേജ് കാരേജുകളുടെയും എണ്ണം കണക്കാക്കി എം.വി.ഐ, എ.എം.വി.ഐ മാർക്ക് പരിശോധനയ്ക്ക് കൃത്യമായി വീതിച്ചു നൽകുകയും ഇങ്ങനെ പരിശോധന നടത്തിയ വാഹനങ്ങൾ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ നേതൃത്വത്തിൽ നടക്കുന്ന Control Checking, ട്രാൻസ്പോർട്ട് കമ്മീഷണറുടെ കീഴിലുള്ള സ്പെഷ്യൽ സ്ക്വാഡുകൾ നടത്തുന്ന Super Checking എന്നിവയിൽ നിയമലംഘനം നടത്തിയിട്ടുള്ളതായി തെളിഞ്ഞാൽ പ്രാഥമികഘട്ട പരിശോധന നടത്തിയിട്ടുള്ള ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ രീതിയിൽ കുറ്റമറ്റ പരിശോധന രീതി അവലംബിക്കുന്നതിനും നിയമലംഘനങ്ങൾ പരമാവധി കുറയ്ക്കുന്നതിനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വിനോദയാത്ര പുറപ്പെടുന്നതിനു മുൻപായി വിവരം ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ അറിയിച്ച് വാഹനത്തെയും ഡ്രൈവറേയും പരിശോധിച്ച് സാക്ഷ്യപത്രം വാങ്ങിക്കുവാൻ വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകുന്നതിന് വിദ്യാഭ്യാസ ഡയറക്ടർമാർക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (ഡി) | റോഡ് അപകടങ്ങൾക്ക് കാരണമായ അമിതവേഗത, മദ്യപിച്ച് വാഹനം ഓടിക്കൽ തുടങ്ങിയ ഗുരുതര തെറ്റുകൾ കണ്ടെത്തുന്നതിനും വാഹനങ്ങളുടെ 24 മണിക്കൂർ പരിശോധനയ്ക്കും ആവശ്യമായ എക്സിക്യൂട്ടീവ് വിഭാഗം ഉദ്യോഗസ്ഥർ സേഫ് കേരള എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ ഉണ്ടോ; വെളിപ്പെടുത്തുമോ; | (ഡി) | മോട്ടോർ വാഹന വകുപ്പിൽ 24 മണിക്കൂറും പരിശോധന നടത്തുന്നതിനാവശ്യമായ ഉദ്യോഗസ്ഥർ നിലവിലില്ലെന്ന വിഷയം ചൂണ്ടിക്കാട്ടി, പ്രസ്തുത ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിനു വേണ്ടി, 14 ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെയും 198 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെയും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച ഗതാഗത കമ്മീഷണറുടെ പ്രൊപ്പോസൽ, സർക്കാർ പരിശോധിച്ചു വരുകയാണ്. |
| (ഇ) | സേഫ് കേരള എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ 24 മണിക്കൂർ പ്രവർത്തനത്തിന് ആവശ്യമായ ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിനായി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | മോട്ടോർ വാഹന വകുപ്പിൽ 24 മണിക്കൂറും പരിശോധന നടത്തുന്നതിനാവശ്യമായ ഉദ്യോഗസ്ഥർ നിലവിലില്ലെന്ന വിഷയം ചൂണ്ടിക്കാട്ടി, പ്രസ്തുത ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിനു വേണ്ടി, 14 ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് |

| | | | |
|---|---|---|---|
| | | | ഓഫീസർമാരുടെയും 198 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെയും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച ഗതാഗത കമ്മീഷണറുടെ പ്രൊപ്പോസൽ, സർക്കാർ പരിശോധിച്ചു വരുകയാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**2022** ജനുവരി ഒന്ന് മുതൽ ഒക്ടോബർ **31** വരെ സംസ്ഥാനത്ത് നടന്ന വാഹനാപകടങ്ങളുടെ പട്ടിക

| **2022 Month/year** | **Accident** | **Killed** | **Greviously Injured** | **Minor Injury** |
|---|---|---|---|---|
| January | 3894 | 378 | 3120 | 1249 |
| February | 3375 | 370 | 2648 | 994 |
| March | 3811 | 374 | 2990 | 1196 |
| April | 3645 | 375 | 2911 | 1210 |
| May | 3696 | 399 | 2962 | 1289 |
| June | 3701 | 325 | 2894 | 1115 |
| July | 3334 | 307 | 2530 | 1015 |
| August | 3375 | 296 | 2608 | 1002 |
| September | 3533 | 351 | 2778 | 1208 |
| Octorber | 3679 | 322 | 2869 | 1148 |
| **Total** | **36043** | **3497** | **28310** | **11426** |